**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3475 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീമതി പി. അയിഷാ പോറ്റി** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടി ജീവനക്കാർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓണറേറിയം വർധന കുടിശ്ശിക സഹിതം നൽകുന്നതിന് തീരുമാനിച്ച് ഉത്തരവിറക്കിയത് എന്നാണ് ; | (എ) കഴിഞ്ഞബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം 1000/- രൂപയിൽ നിന്നും 1400/- രൂപയായി വർദ്ധിപ്പിച്ചും പ്രസ്തുത വർദ്ധനവിന് 01.04.2013 മുതൽ പ്രാബല്യം നൽകിയും 3.12.2013 ലെ സ.ഉ(എം.എസ്) നം. 106/2013/സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള വേതനം നൽകിയിട്ടുണ്ടോ; ഇല്ലാത്ത പക്ഷം അടിയന്തിര മായി വർദ്ധിപ്പിച്ച പ്രകാരമുള്ള വേതനം നൽകു ന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള വേതനം ചില ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നൽകിയിട്ടുണ്ട്. ഓണറേറിയം വിതരണം ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുള്ള ശീർഷക ത്തിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന പാസ്സാകുന്നതോടെ എല്ലാ ഐ.സി.ഡി.എസ് പ്രോജക്ടുകളിലെയും അഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. |
| (സി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ? | (സി) 2014-15 സാമ്പത്തിക വർഷത്തിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ